**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2333** **05-02-2026 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പോർട്ടലിലെ സാങ്കേതിക തകരാറുമൂലമുള്ള ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കെ-സ്മാർട്ട് പോർട്ടലിലെ സാങ്കേതിക തകരാറുകൾ മൂലം കെട്ടിട നികുതി ഒടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിലവിൽ സാങ്കേതിക തകരാറുകൾ മൂലം കെട്ടിട നികുതി ഒടുക്കുന്നതിനോ, സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനോ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | കെ-സ്മാർട്ട് നടപ്പിലാക്കിയ ശേഷം ഡാറ്റാ മൈഗ്രേഷനിൽ ഉണ്ടായ പിഴവുകൾ കാരണം എത്ര കുടുംബങ്ങളുടെ കെട്ടിട നമ്പരുകൾ പോർട്ടലിൽ നിന്ന് അപ്രത്യക്ഷമായിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ഡാറ്റാ മൈഗ്രേഷനിലൂടെ കെട്ടിട നമ്പറുകൾ പോർട്ടലിൽ നിന്നും അപ്രത്യക്ഷമായിട്ടില്ല |
| (സി) | കെ-സ്മാർട്ടിന് ബദലായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫിസിക്കൽ കൗണ്ടറുകൾ വഴി അടിയന്തര സേവനം നൽകാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (സി) | പൗരൻമാരുടെ മുഴുവൻ ആവശ്യങ്ങളും ഡിജിറ്റലായി കൈകാര്യം ചെയ്യുന്നതിന് നിലവിൽ കെ-സ്മാർട്ട് സജ്ജമാണ്. ഇത്തരത്തിൽ ഫിസിക്കൽ കൗണ്ടറുകൾ വഴി സേവനം നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയാൽ കെ-സ്മാർട്ടിലൂടെ ഡിജിറ്റൽ സേവനം നൽകുന്ന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ